## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 795** **11.06.2014 ൽ മറുപടിയ്ക്ക്**

**<u>മുല്ലപ്പെരിയാർ പ്രശ്നം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് സുപ്രീംകോടതിയിൽ ജനങ്ങളുടെ സുരക്ഷയെക്കുറിച്ചല്ല വാദിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ സുരക്ഷ കേന്ദ്രീകരിച്ച് കോടതിയിൽ വാദിച്ചിരുന്നെങ്കിൽ അനുകൂലമായ ഉത്തരവ് ഉണ്ടാകുമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ജനങ്ങളുടെ സുരക്ഷയ്ക്ക് ഊന്നൽ നൽകിയാണ് കേരളം ബഹു.സുപ്രീംകോടതിയിൽ കേസ് വാദിച്ചത്. "കേരളത്തിന് സുരക്ഷയും തമിഴ്നാടിന് ജലവും" എന്ന നിലപാടാണ് കേരളം, ഈ വിഷയത്തിൽ സ്വീകരിച്ചുവന്നിട്ടുള്ളത്. |
| (ബി) ഡാമിൽ വെള്ളം കവിഞ്ഞൊഴുകിയാൽ മാത്രമേ ഡാം പൊട്ടുകയുള്ളൂവെന്ന് ഡൽഹി ഐ.ഐ.ടി തലവൻ കോടതിയിൽ മൊഴി നൽകിയത് വിധി കേരളത്തിന് പ്രതികൂലമാകാൻ കാരണമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഹൈഡ്രോളജിക്കൽ സേഫ്റ്റിയെക്കുറിച്ചാണ് പഠനം നടത്തി റിപ്പോർട്ട് നല്കിയിട്ടുള്ളത്. കോടതിയിൽ കേരളത്തിന്റെ വാദഗതിക്ക് അനുകൂലമായിട്ടാണ് അദ്ദേഹം മൊഴി നൽകിയിട്ടുള്ളത് |

| | | |
|---|---|---|
| (സി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താനുള്ള കോടതി വിധിയിലെ മനുഷ്യാവകാശപ്രശ്നം അന്താരാഷ്ട്ര സംഘടനകളായ ആംനെസ്റ്റി ഇന്റർ നാഷണൽ, യുനെസ്കോ തുടങ്ങിയ സംഘടനകളുടെ മുന്നിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ നിർദ്ദേശം പ്രത്യേകം പരിഗണിക്കുന്നതാണ്. |
| (ഡി) തമിഴ്നാടിന് അവകാശമില്ലാത്ത പ്രദേശങ്ങളിൽ കനാലുകൾ നിർമ്മിച്ചും മറ്റും ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നകാര്യം പരിഗണിക്കുമോ? | (ഡി) | ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ